# ഇ-ഗ്രാന്റ്സ്

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എന്നത് പത്താം ക്ലാസിന് ശേഷമുള്ള കോഴ്സുകൾ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഒരു സാമ്പത്തിക സഹായമാണ്. നിലവിൽ, സർക്കാർ തീരുമാന പ്രകാരം, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ പട്ടികജാതി, പട്ടികവർഗം, ഒ.ഇ.സി., ഒ.ബി.സി(എച്ച്), ഫീഷറീസ് എന്നീ വിഭാഗങ്ങളിലുള്ള പഠിതാക്കൾക്ക് മാത്രമാണ് ഇ-ഗ്രാന്റ്സിന് അപേക്ഷിക്കാൻ അർഹതയുള്ളത്. ജനറൽ, ഒ.ബി.സി (ഈഴവ, മുസ്ലിം, തീയ്യ തുടങ്ങിയവ), മറ്റ് വിഭാഗങ്ങൾ, എന്നിവർക്ക് ഇ-ഗ്രാന്റ്സ് ലഭിക്കുന്നതല്ല. ആയതിനാൽ ഈ വിഭാഗങ്ങളിൽപെടുന്ന പഠിതാക്കൾ അപേക്ഷിക്കേണ്ടതില്ല.

### ലക്ഷ്യങ്ങൾ

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കാൻ സഹായം നൽകുക.
- വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം പ്രോത്സാഹിപ്പിക്കുക.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനം സാധ്യമാക്കുക.

### അപേക്ഷിക്കാനുള്ള യോഗ്യതകൾ

- അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം.
- സർക്കാർ-പൊതുമേഖലാ സ്ഥാപന ജീവനക്കാർ, പെൻഷണർമാർ (ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെ) എന്നിവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
- വിവിധ വിഭാഗങ്ങൾക്കനുസരിച്ച് വാർഷിക കുടുംബ വരുമാനത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ട്.

## ഇ-ഗ്രാന്റ്സിന് അപേക്ഷിക്കുന്ന പഠിതാക്കളുടെ ശ്രദ്ധയ്ക്ക്

- 2025-26 അദ്ധ്യയന വർഷത്തിൽ പുതുതായി പ്രവേശനം നേടുന്നവരും, നിലവിൽ പഠിതാക്കളായി 2025-26 വർഷത്തിൽ

തുടരുന്നവരും വരുമാനപരിധി 2.5 ലക്ഷത്തിനു താഴെ വരുന്ന വരുമായ എല്ലാ SC കാറ്റഗറിയിൽ പെടുന്ന പഠിതാക്കളും നിർബന്ധമായും National Scholarship Portal (NSP Portal) വഴി One Time Registration (OTR) നടത്തേണ്ടത് അനിവാര്യമാണ്. നിലവിൽ SC വിഭാഗത്തിൽപെടുന്ന പഠിതാക്കൾ മാത്രമാണ് ഇത് ചെയ്യേണ്ടതെന്നാണ് ബന്ധപ്പെട്ട വകുപ്പ് അറിയിച്ചിട്ടുള്ളത്.

- OTR വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഒരു Reference Number ലഭിക്കുന്നതാണ്. തുടർന്ന് E-grants പോർട്ടലിൽ കയറി മെനുവിൽനിന്ന് OTR Verification എന്നുള്ളിടത്ത് ക്ലിക്ക് ചെയ്യുമ്പോൾ Reference Number ചോദിക്കും. അവിടെ നമ്പർ കൊടുത്ത് Validate ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ OTR Successfully Validated എന്ന് കാണിക്കും. ഇത്രയും ചെയ്തെങ്കിൽ മാത്രമേ ഇ-ഗ്രാന്റ്സിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.
- **ഇ-ഗ്രാന്റ്സ് പോർട്ടൽ:** പഠിതാക്കൾക്ക് ഇ-ഗ്രാന്റ്സ് പോർട്ടൽ (https://www.egrantz.kerala.gov.in (e-grantz 3.0), https://scholarship.fisheries.kerala.gov.in (e-grantz 2.0) വഴി അപേക്ഷിക്കാൻ സാധിക്കും.
- ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ പട്ടികജാതി, പട്ടികവർഗം, ഒ.ഇ.സി., ഒ.ബി.സി(എച്ച്), ഫിഷറീസ് എന്നീ വിഭാഗങ്ങളിലുള്ള പഠിതാക്കൾക്ക് മാത്രമാണ് ഇ-ഗ്രാന്റ്സിന് അപേക്ഷിക്കാൻ അർഹതയുള്ളത്.
- ജനറൽ, ഒ.ബി.സി (ഈഴവ, തീയ്യ, മുസ്ലിം തുടങ്ങിയവ), മറ്റ് വിഭാഗങ്ങൾ, എന്നിവർക്ക് ഇ-ഗ്രാന്റ്സ് ലഭിക്കുന്നതല്ല. ആയതിനാൽ ഈ വിഭാഗങ്ങളിൽപെടുന്ന പഠിതാക്കൾ അപേക്ഷിക്കേണ്ടതില്ല.
- അപേക്ഷിക്കുമ്പോൾ ആദ്യം ജില്ല സെലക്ട് ചെയ്യണം. പഠിതാവ്, പഠിക്കുന്ന എൽ.എസ്.സി ഏത് റീജിയണൽ സെന്ററിന് കീഴിലാണോ ആ റീജിയണൽ സെന്റ് പ്രവർത്തിക്കുന്ന ജില്ലയാണ് പഠിതാവിന്റെ ജില്ലയായി രേഖപ്പെടുത്തേണ്ടത്. (ഉദാഹരണത്തിന് കാസർഗോഡ് ജില്ലയിലെ എൽ.എസ്.സിയിൽ പഠിക്കുന്ന ഒരു പഠിതാവ് അദ്ദേഹത്തിന്റെ എൽ.എസ്.സി. പ്രവർത്തിക്കുന്ന ജില്ലയായി രേഖപ്പെടുത്തേണ്ടത് കണ്ണൂർ ജില്ലയാണ്. കാരണം, കണ്ണൂർ ജില്ലയിൽ ആസ്ഥാനമായുള്ള റീജിയണൽ സെന്ററിന് കീഴിലാണ് കാസറഗോഡ് ജില്ലയിലെ എൽഎസ്.സികൾ പ്രവ

ർത്തിക്കുന്നത്.) പഠിക്കുന്ന സ്ഥാപനം എന്നിടത്ത് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഏത് റീജയണൽ സെന്ററിനു കീഴിലാണോ താങ്കൾ പഠിക്കുന്നത്, ആ റീജിയൻ സെന്ററായിരിക്കും പഠിക്കുന്ന സ്ഥാപനമായി സെലക്ട് ചെയ്യേണ്ടത്. അല്ലാത്തപക്ഷം താങ്കളുടെ അപേക്ഷ പോർട്ടലിൽ ലഭിക്കാതെവരികയും ആനുകൂല്യം തടസ്സപ്പെടുകയുംചെയ്യും.

- പഠിക്കുന്ന പ്രോഗ്രാം സെലക്ട് ചെയ്യുമ്പോൾ കൃതമായിതന്നെ അത് സെലക്ട് ചെയ്യുക. മൂന്ന്, നാല് വർഷ ബിരുദ കോഴ്സുകൾ സെലക്ട് ചെയ്യുമ്പോൾ പ്രത്യേകശ്രദ്ധവേണം.

- അപേക്ഷകർ സർക്കാർ അംഗീകരിച്ച ഒരു തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്ബുക്ക് പേജ്, കാലാവധി കഴിയാത്ത വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, അലോട്ട്മെന്റ് മെമ്മോ തുടങ്ങിയ രേഖകൾ നിർബന്ധമായും അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്.

- തുടർന്ന് നിങ്ങളുടെ അപേക്ഷ പ്രിന്റ് ചെയ്ത്, അപ് ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, അടിസ്ഥാന യോഗ്യതാ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതിക്ക് മുൻപ് അതാത് റീജിയൻ സെന്ററുകളിൽ സമർപ്പിക്കേണ്ടതാണ്.

- ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പഠിതാക്കൾ, അവരുടെ ആദ്യ സെമസ്റ്ററിൽ മാത്രമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുടർന്നുള്ള വർഷങ്ങളിൽ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഇയർ പ്രൊമോഷൻ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നാണ് ചെയ്തുവരുന്നത്.

- അപേക്ഷിക്കാനുള്ള അവസാന തീയതി, വരുമാന പരിധി, യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവയിൽ വ്യത്യാസങ്ങളുണ്ടാവാം. അതിനാൽ, അപേക്ഷിക്കുന്നതിനുമുമ്പ് ഔദ്യോഗിക വെബ്സൈറ്റുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കേണ്ടത് അത്യാവശ്യമാണ്.